CMYK



● ലേഖനം ●

എ അബ്ദുൽഹമീദ് മദീനി
കെ പി സകരിയ്യ

# ന്യൂമൂൺ കലണ്ടർ: വാദം തകരുന്നു

**ഹിജ്റ കമ്മറ്റിയുടെ സിദ്ധാന്തമനുസരിച്ചാണെങ്കിൽ നബി അറഫയിൽ നിന്ന ദിവസത്തിൽ നബിക്ക് തെറ്റുപറ്റിയിരിക്കുന്നു. നബി അറഫയിൽ നിന്നത് ദുൽഹിജ്ജ 9 വെള്ളിയാഴ്ചയായിരുന്നു എന്നത് ഹദീസിൽ സ്ഥിരപ്പെട്ടിട്ടുള്ളതാണല്ലോ. ഇതിന് സമാനമായത് ക്രിസ്താബ്ദം 632 മാർച്ച് 6 വെള്ളിയാഴ്ചയായിട്ടാണ് വരിക. ന്യൂമൂൺ സിദ്ധാന്തമനുസരിച്ച് ദുൽഹിജ്ജ 9 വ്യാഴമാണ് അറഫാദിനം. ഇവരുടെ വാദമനുസരിച്ച് നബി അറഫയിൽ നിന്നതോ ഒരു ദിവസം തെറ്റി വെള്ളിയാഴ്ചയായി എന്ന് വരുന്നു.**

വർഷംതോറും റമദാൻ മാസവും ദുൽഹിജ്ജ മാസവും ആഗതമാകുമ്പോൾ ഹിജ്റകമ്മിറ്റി എന്ന പേരിൽ ചിലർ സജീവമാകുകയും നോട്ടീസുകളും ലഘുലേഖകളും മറ്റും പ്രസിദ്ധീകരിച്ച് മുസ്‌ലിംകൾ പൊതുവിൽ തുടർന്നുവരുന്ന മാസമുറപ്പിക്കൽ രീതിയെ ചോദ്യംചെയ്യുകയും ചെയ്യാറുണ്ട്. തങ്ങൾ മുമ്പോട്ടുവെക്കുന്ന രീതിയാണ് ശാസ്ത്രീയവും മതപരവുമായ പ്രമാണങ്ങളുടെ പിന്തുണയുള്ളതെന്ന് വാദിക്കാറുമുണ്ട്. അതിനവർ അവലംബിക്കുന്നത് മിനിക്കോയ് ദ്വീപുകാരനായ അലി മണിക്ഫാൻ തയ്യാറാക്കിയ ഹിജ്റ കലണ്ടറിനെയാണ്. അദ്ദേഹം കലണ്ടർ തയ്യാറാക്കുന്നതിന് ആധാരമാക്കുന്നത് അസ്ട്രോണമിക്കൽ ന്യൂമൂണിനെ (കറുത്തവാവ്) ആണ്. അസ്ട്രോണമിക്കൽ ന്യൂമൂണിന്റെ കഴിഞ്ഞ നിരവധി നൂറ്റാണ്ടുകളുടെയും വരാനിരിക്കുന്ന നിരവധി നൂറ്റാണ്ടുകളുടെയും പട്ടിക അമേരിക്കയുടെ Naval Observatory യുടെ സൈറ്റിൽ നിന്ന് ലഭ്യമാണ്. ആ പട്ടികയുപയോഗിച്ച് ഒരു മാസത്തെ കറുത്തവാവിന്റെ ദിനം നോക്കി പിറ്റേ ദിവസം അറബി മാസത്തിലെ ഒന്നാം തിയ്യതിയായി രേഖപ്പെടുത്തുന്ന രീതിയാണ് അ



CMYK

CMYK

ദ്ദേഹം തുടർന്നുവരുന്നത്.

ഇദ്ദേഹവും ഹിജ്റ കമ്മിറ്റി അംഗങ്ങളും വാദിക്കുന്നത് നബി(സ) ഹിലാലിനെ (ക്രസന്റ്) ആധാരമാക്കിയല്ല മാസം കണക്കാക്കിയത്. മറിച്ച്, ന്യൂമൂണിനെ ആധാരമാക്കിയാണെന്നാണ്. അതിനാൽ തന്നെ ലോകത്തുള്ള ഒട്ടുമിക്ക രാജ്യങ്ങളും ജനങ്ങളും ആധാരമാക്കുന്ന ഹിലാലിനെ ആസ്പദമാക്കിയുള്ള മാസഗണന മൂലം ഖുർആനിൽ (9:37) പരാമർശിച്ച 'നസീഅ്' സംഭവിക്കുകയാണെന്നും, അത് കുഫ്റിലുള്ള വർധനവാണെന്നും അതിനാൽ നിലവിലുള്ള ഹിലാലിനെ ആസ്പദമാക്കിയുള്ള മാസഗണനാരീതി ഗുരുതരമായ കുറ്റമാണെന്നുമുള്ള ശക്തമായ പ്രചാരണം അഴിച്ചുവിടുകയും ചെയ്യുന്നു. സൂറതു ത്തൗബ 37-ാം വാക്യത്തിൽ പരാമർശിക്കുന്നത് നോക്കുക: "വിലക്കപ്പെട്ട മാസം പുറകോട്ട് മാറ്റുക എന്നത് സത്യനിഷേധത്തിന്റെ വർധനവ് തന്നെയാകുന്നു. സത്യനിഷേധികൾ അതുമൂലം തെറ്റിലേക്ക് നയിക്കപ്പെടുന്നു. ഒരു കൊല്ലം അവരത് അനുവദനീയമാക്കുകയും മറ്റൊരു കൊല്ലം നിഷിദ്ധമാക്കുകയും ചെയ്യുന്നു." യുദ്ധം നിഷിദ്ധമായ ഏതെങ്കിലും മാസത്തിൽ വേണ്ടി വന്നാൽ യുദ്ധംചെയ്യുകയും പുറകെ വരുന്ന ഏതെങ്കിലുമൊരു മാസം അതിന് പകരം വിലക്കപ്പെട്ട മാസമായി ഗണിക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം കലഹപ്രിയരായ അറേബ്യൻ ഗോത്രവർഗങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. ഇതിനെയാണ് 'നസീഅ്' എന്ന് പരാമർശിച്ചിട്ടുള്ളത്. അതാണ് കുഫ്റിലുള്ള വർധന എന്ന് പറഞ്ഞിട്ടുള്ളത്. ഈ വാക്യത്തെ തെറ്റായി ഉപയോഗിച്ച് ലോകമൊന്നടക്കമുള്ള മുസ്‌ലിംകൾ കുഫ്റിലാണെന്ന് വാദിക്കുന്നത് ഗൗരവതരമായ അടിസ്ഥാനരഹിത ആരോപണമാണ്.

### നബി(സ)യുടെ വിടവാങ്ങൽ ഹജ്ജ്

അലി മണിക്ഫാനും ഹിജ്റ കമ്മിറ്റിയും ഉന്നയിക്കുന്ന മാസ മാറ്റത്തിന്റെ അടിസ്ഥാനമായ ന്യൂമൂണിനെ (കറുത്തവാവ്) തന്നെയായിരുന്നുവോ നബി(സ) ആധാരമാക്കിയിരുന്നത് അതോ ഹിലാലിനെയോ? ഈ കാര്യം പ്രമാണങ്ങളുടെയും

**ഹിജ്റ കമ്മിറ്റി വാദിക്കുന്നത് നബി ഹിലാലിനെ ആധാരമാക്കിയല്ല, ന്യൂമൂണിനെ ആധാരമാക്കിയാണ് മാസം കണക്കാക്കിയത് എന്നാണ്. ഒട്ടുമിക്ക രാജ്യങ്ങളും ജനങ്ങളും ആധാരമാക്കുന്ന ഹിലാലിനെ ആസ്പദമാക്കിയുള്ള മാസഗണന മൂലം ഖുർആനിൽ പരാമർശിച്ച 'നസീഅ്' സംഭവിക്കുകയാണെന്നും, അത് കുഫ്റിലുള്ള വർധനവാണെന്നും അതിനാൽ നിലവിലുള്ള ഹിലാലിനെ ആസ്പദമാക്കിയുള്ള മാസഗണനാരീതി ഗുരുതരമായ കുറ്റമാണെന്നുമുള്ള ശക്തമായ പ്രചാരണം അഴിച്ചുവിടുകയും ചെയ്യുന്നു.**

ഗോളശാസ്ത്ര വസ്തുതകളുടെയും വെളിച്ചത്തിൽ പരിശോധിക്കുന്നത് ഉചിതമായിരിക്കും. വിഷയത്തിന്റെ മർമ്മറിയാതെ, അതിന്റെ മുദ്രാവാക്യ മനോഹാരിതയിൽ ആകൃഷ്ടരായിട്ടുള്ള സഹോദരങ്ങൾക്ക് ചിന്തിക്കാനുള്ള ഒരു വാതായനം അത് തുറന്നുവെക്കും.

അലി മണിക്ഫാൻ തന്റെ ഒരു പുസ്തകത്തിൽ രേഖപ്പെടുത്തിയ ഒരു വസ്തുതയെ ആധാരമാക്കി ഈ പ്രശ്നം പരിശോധനാവിധേയമാക്കാം. അദ്ദേഹം എഴുതി: "കാലങ്ങൾ കറങ്ങിക്കൊണ്ടു ഇന്നിതാ വാനങ്ങളും ഭൂമിയും സൃഷ്ടിക്കപ്പെട്ട നാളിൽ ഉള്ളതുപോലെയായിരിക്കുന്നു" എന്നും നബി(സ) അറിയിച്ചു. 'ഇന്നത്തെ ദിവസം ഏതാണ്' നബി(സ) ദിവസത്തിന്റെ പേർ വേറെ എന്തോ പറയുവാൻ പോകയാണെന്ന് കരുതി ജനങ്ങൾ പറഞ്ഞു: അല്ലാഹുവിനും റസൂലിനും അധികം അറിയാം. അപ്പോൾ നബി(സ) അറിയിച്ചു: ഇന്നു അതേ ദിവസം തന്നെയാണ്. അതായത് അതു വെള്ളിയാഴ്ച തന്നെയാണ്. അപ്പോൾ അന്നത്തെ ദിവസം വെള്ളിയാഴ്ചയാണെന്നും ദുൽഹിജ്ജ മാസം 9-ാം തിയ്യതിയാണെന്നും ഇപ്പോൾ നബി(സ)യിൽ നിന്ന് നമുക്കറിയുകയാണ്. ഒരു ശരിയായ നിശ്ചിത തീയതിയും ദിവസവും നമുക്ക് കിട്ടിയാൽ അതിനെ അടിസ്ഥാനപ്പെടുത്തി അതിന്റെ മുമ്പെ ഉള്ള തിയ്യതികളും ദിവസങ്ങളും പിന്നീടു വരാനുള്ളതായ തിയ്യതികളും ദിവസങ്ങളുമെല്ലാം കണക്കാക്കാവുന്നതാണെന്നത് ശാസ്ത്രജ്ഞന്മാർക്ക് മനസ്സിലാകും."(*ചന്ദ്രമാസപ്പിറവി പ്രശ്നങ്ങളും പരിഹാരങ്ങളും*, പേജ് 19)

കാലഗണനയുടെ നിർണയരീതിയും അതിന് അടിസ്ഥാനമാക്കിയ ആധാരവും എന്തായിരുന്നുവെന്ന് പരിശോധിക്കുന്നതിനുള്ള നല്ലൊരു 'മൈൽസ്റ്റോൺ' ആണ് ഹി





CMYK



ജ്റ 10-ാം വർഷം ദുൽഹിജ്ജ 9ന് വെള്ളിയാഴ്ച നടന്ന നബിയുടെ അറഫ ഒത്തുചേരലും പ്രസിദ്ധമായ വിടവാങ്ങൽ പ്രസംഗവും. അത് ദുൽഹിജ്ജ 9 വെള്ളിയാഴ്ചയായിരുന്നുവെന്ന് അലി മണിക്ഫാനും അംഗീകരിക്കുന്നു; ഇത് തന്റെ സിദ്ധാന്തമനുസരിച്ച് തെറ്റാണെന്ന് അറിയാതെ.

നബി(സ)യുടെ ആ ഹജ്ജിന് വേണ്ടിയുള്ള പുറപ്പെടലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിലും ചരിത്രഗ്രന്ഥങ്ങളിലും വിവരിക്കപ്പെട്ടിരിക്കുന്നു. അവയുടെ സംക്ഷേപം ഇപ്രകാരമാണ്: മുഹമ്മദ് നബി(സ)യും അനുയായികളും ഹിജ്റ പത്താം വർഷം ദുൽഖഅദ് 25 ശനിയാഴ്ച മസ്ജിദുന്നബവിയിൽ ദുഹ്ർ നമസ്കരിച്ചു. നമസ്കാരാനന്തരം അനുയായികൾക്ക് ഹജ്ജ് കർമങ്ങൾ വിശദീകരിച്ചുകൊടുത്തു. പിന്നീട് മദീനക്കാരുടെ മീഖാത്തായ ദുൽഹുലൈഫയിലേക്ക് പുറപ്പെട്ടു. അന്നവിടെ താമസിച്ചു. പിറ്റേ ദിവസം ദുൽഖഅദ് 26 ഞായർ നബി(സ) ദുഹ്ർ നമസ്കരിച്ച ശേഷം ഇഹ്റാം ചെയ്തു. *ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്* എന്ന തൽബിയത്ത് ശബ്ദുമുയർത്തി ആവർത്തിച്ചുകൊണ്ട് മക്ക ലക്ഷ്യമാക്കി യാത്ര തുടർന്നു. യാത്രയിൽ ദുൽഖഅദ് 29 ബുധൻ സൂര്യാസ്തമയ ശേഷം ദുൽഹിജ്ജ മാസപ്പിറവി കണ്ടു. അതോടെ ദുൽഹിജ്ജ മാസമാരംഭിച്ചു. ദുൽഹിജ്ജ 1 വ്യാഴം എന്ന് ഉറപ്പായി. ദുൽഹിജ്ജ 4 ഞായറാഴ്ച പ്രവാചകൻ(സ) അനുയായികളോടൊത്ത് മക്കയിൽ പ്രവേശിച്ചു. ഉംറ നിർവഹിച്ച ശേഷം അബ്ത്വഹിൽ താമസിച്ചു. ദുൽഹിജ്ജ 8 വ്യാഴം നബി(സ)യും ഒരു ലക്ഷത്തിൽ പരം അനുയായികളും മിനായിലേക്ക് പുറപ്പെട്ടു. *യൗമുത്തർവിയത്ത്* എന്നാണ് ആ ദിവസത്തിന് നബി(സ) പേർ നല്കിയത്. അന്ന് മിനായിൽ താമസിച്ചു. സുബ്ഹ് നമസ്കരിച്ച ശേഷം ദുൽഹിജ്ജ 9 വെള്ളിയാഴ്ച അറഫയിലേക്ക് പുറപ്പെട്ടു. അവിടെ വെച്ചു ദുഹ്ർ സമയത്ത് ദുഹ്റും അസ്റും ഖസ്റും ജംഉമായി നമസ്കരിച്ചു. തുടർന്ന് ചരിത്ര പ്രസിദ്ധമായ വിടവാങ്ങൽ പ്രസംഗം നടത്തി. പിന്നീട് അറഫയിൽ നിന്നു പ്രാർഥിച്ചുകൊണ്ടിരുന്നു. സൂര്യൻ അസ്തമിച്ച ശേഷം അവിടെ വെച്ചു മഗ്രിബ് നമസ്കരിക്കാതെ മുസ്ദലിഫയിക്കേ് പുറപ്പെട്ടു. മുസ്ദലിഫയിൽ വെച്ച് മഗ്രിബും ഇശാഉം ജംഉം ഖസ്റുമായി നമസ്കരിച്ചശേഷം അന്നവിടെ രാപ്പാർത്തു.

**കാലഗണനയുടെ നിർണയരീതിയും അതിന് അടിസ്ഥാനമാക്കിയ ആധാരവും എന്തായിരുന്നുവെന്ന് പരിശോധിക്കുന്നതിനുള്ള നല്ലൊരു 'മൈൽസ്റ്റോൺ' ആണ് ഹിജ്റ 10-ാം വർഷം ദുൽഹിജ്ജ 9ന് വെള്ളിയാഴ്ച നടന്ന നബിയുടെ അറഫ ഒത്തുചേരലും പ്രസിദ്ധമായ വിടവാങ്ങൽ പ്രസംഗവും. അത് ദുൽഹിജ്ജ 9 വെള്ളിയാഴ്ചയായിരുന്നുവെന്ന് അലി മണിക്ഫാനും അംഗീകരിക്കുന്നു; ഇത് തന്റെ സിദ്ധാന്തമനുസരിച്ച് തെറ്റാണെന്ന് അറിയാതെ.**

ദുൽഹിജ്ജ 10 ശനി മുസ്ദലിഫയിൽ സുബ്ഹ് നമസ്കരിച്ചു പ്രാർഥിച്ചശേഷം മിനായിലേക്ക് പുറപ്പെട്ടു. അന്നായിരുന്നു *യൗമുന്നഹ്ർ*. അന്നത്തെ കർമങ്ങളെല്ലാം കൃത്യമായി നിർവഹിച്ചു. അതിന്നിടയിൽ സംശയം ചോദിക്കുന്നവർക്ക് വിശദീകരണങ്ങൾ നല്കിക്കൊണ്ടിരുന്നു. തുടർന്ന് മൂന്ന് ദിവസം മിനായിൽ രാപ്പാർത്തു. ഹജ്ജ് കർമങ്ങൾ എന്നിൽ നിന്ന് പഠിച്ചു മനസ്സിലാക്കുക. ഇവിടെ ഹാജരായവർ ഹാജരാവാത്തവർക്ക് എത്തിച്ചുകൊടുക്കുക എന്ന നിർദേശവും നല്കി. ഇതായിരുന്നു നബി(സ)യുടെ ഹജ്ജിന്റെ രൂപം.

നബി(സ)യുടെ അറഫാദിനം വെള്ളിയാഴ്ച ആയിരുന്നു എന്നത് ലോകമുസ്‌ലിം പണ്ഡിതന്മാർ ഏകോപിച്ചിട്ടുള്ള ഒരു വസ്തുതയാണ്. ബുഖാരി രേഖപ്പെടുത്തിയ ഒരു ഹദീസ് കാണുക:

عَنْ طَارِقِ بْنِ شِهَابٍ عَنْ عُمَرَ بْنِ
الْخَطَّابِ أَنَّ رَجُلًا مِنْ الْيَهُودِ قَالَ لَهُ يَا
أَمِيرَ الْمُؤْمِنِينَ آيَةٌ فِي كِتَابِكُمْ
تَقْرَءُونَهَا لَوْ عَلَيْنَا مَعْشَرَ الْيَهُودِ نَزَلَتْ
لَاتَّخَذْنَا ذَلِكَ الْيَوْمَ عِيدًا قَالَ أَيُّ آيَةٍ
قَالَ { الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ
وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمْ
الْإِسْلَامَ دِينًا } قَالَ عُمَرُ قَدْ عَرَفْنَا ذَلِكَ
الْيَوْمَ وَالْمَكَانَ الَّذِي نَزَلَتْ فِيهِ عَلَى
النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَهُوَ قَائِمٌ
بِعَرَفَةَ يَوْمَ جُمُعَةٍ

"ത്വാരിഖുബ്നു ശിഹാബ് ഉമറുബ്നുൽ ഖത്വാബിൽ നിന്ന് നിവേദനം ചെയ്യുന്നു: ഒരു ജൂതൻ ഉമറിനോട്(റ) പറഞ്ഞു: നിങ്ങൾ പാരായണം ചെയ്യുന്ന വേദഗ്രന്ഥത്തിൽ ഒരു വാക്യമുണ്ട്. ജൂതരായ ഞങ്ങൾക്കാണ് ആ വാക്യം കിട്ടിയ

തെങ്കിൽ ആ ദിവസത്തെ ഞങ്ങൾ പെരുന്നാൾ ആയി ആഘോഷിക്കുമായിരുന്നു. ഉമർ(റ) ചോദിച്ചു: ഏത് വാക്യമാണത്? അയാൾ പറഞ്ഞു: ഇന്നേ ദിവസം നിങ്ങളുടെ മതത്തെ ഞാൻ നിങ്ങൾക്ക് പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹത്തെ ഞാൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തരികയും ചെയ്തിരിക്കുന്നു" (അൽമാഇദ 3) എന്നതാണ് ആ വാക്യം. ഉമർ(റ) പറഞ്ഞു: ആ വാക്യം അല്ലാഹുവിൽ നിന്ന് അവതരിച്ച ദിവസവും സ്ഥലവും ഞങ്ങൾക്ക് നന്നായിട്ടറിയാം. നബി(സ) വെള്ളിയാഴ്ച ദിവസം അറഫയിൽ നിൽക്കുന്ന സമയത്താണ് പ്രസ്തുത ആയത്ത് അവതരിച്ചത്." (ബുഖാരി 45)

ഇബ്നുകസീർ(റ) രേഖപ്പെടുത്തുന്നു:

لا خلاف أن أول ذي الحجة كان
يوم الخميس لما ثبت بالتواتر والاجماع
من أنه عليه السلام وقف بعرفة يوم
الجمعة وهو تاسع ذي الحجة بلا نزاع

"(നബി(സ)യുടെ ഹജ്ജിന്റെ വർഷം) ദുൽഹിജ്ജ 1 വ്യാഴാഴ്ചയാണെന്ന് മുതവാതിർ ആയി സ്ഥിരപ്പെട്ടതിനാൽ അതിൽ സംശയമില്ല. ദുൽഹിജ്ജ 9 വെള്ളിയാഴ്ച നബി(സ) അറഫയിൽ നിന്നു എന്ന് ഇജ്മാഅ് ഉള്ളതുകൊണ്ട് അതിലും അഭിപ്രായവ്യത്യാസമില്ല." (*അൽബിദായത്തു വന്നിഹായ* 5:112)

ദുൽഹിജ്ജ 9 വെള്ളി നബി അറഫയിൽ നിന്ന സന്ദർഭം കാലചക്രത്തിന്റെ ഒരു അടിസ്ഥാന സ്തംഭം തന്നെയാണെന്ന് വ്യക്തമാക്കുന്ന ഒരു പ്രഖ്യാപനവും നബി നടത്തിയിരിക്കുന്നു:

عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ
الزَّمَانُ قَدْ اسْتَدَارَ كَهَيْئَتِهِ يَوْمَ خَلَقَ اللَّهُ
السَّمَوَاتِ وَالْأَرْضَ السَّنَةُ اثْنَا عَشَرَ
شَهْرًا مِنْهَا أَرْبَعَةٌ حُرُمٌ ثَلَاثَةٌ مُتَوَالِيَاتٌ
ذُو الْقَعْدَةِ وَذُو الْحِجَّةِ وَالْمُحَرَّمُ
وَرَجَبُ مُضَرَ الَّذِي بَيْنَ جُمَادَى
وَشَعْبَانَ

"അബൂബക്റയിൽ നിന്ന്: അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ച നാളിലെ അവസ്ഥയിലേക്ക് കാലം കറങ്ങിത്തിരിഞ്ഞെത്തിയിരിക്കുന്നു. ഒരു വർഷം പന്ത്രണ്ട് മാസമാണ്. അതിൽ നാലെണ്ണം പവിത്രങ്ങളാണ്. ദുൽഖഅദ്, ദുൽഹിജ്ജ, മുഹർറം എന്നിങ്ങനെ തുടർച്ചയായ മൂന്നെണ്ണവും, പിന്നെ ജുമാദക്കും ശഅ്ബാനുമിടയിലുള്ള മുദറുകാരുടെ റജബുമാണവ." (ബുഖാരി 4662)

ഈ വിശകലനത്തിൽ നിന്ന് നബി(സ)യുടെ അറഫയിൽ നിൽക്കലും വിടവാങ്ങൽ പ്രസംഗവും നടന്നത് ഹിജ്റ 10-ാം വർഷം ദുൽഹിജ്ജ 9 വെള്ളിയാഴ്ചയാണെന്ന് വ്യക്തമായി. ഇതനുസരിച്ച് ദുൽഹിജ്ജ മാസത്തിലെ ദിനങ്ങളുടെ പട്ടിക ഇപ്രകാരമായിരിക്കും:

| |
|---|
| ദുൽഹിജ്ജ 9 വെള്ളി |
| ദുൽഹിജ്ജ 8 വ്യാഴം |
| ദുൽഹിജ്ജ 7 ബുധൻ |
| ദുൽഹിജ്ജ 6 ചൊവ്വ |
| ദുൽഹിജ്ജ 5 തിങ്കൾ |
| ദുൽഹിജ്ജ 4 ഞായർ |
| ദുൽഹിജ്ജ 3 ശനി |
| ദുൽഹിജ്ജ 2 വെള്ളി |
| ദുൽഹിജ്ജ 1 വ്യാഴം |

ഇതിൽ നിന്നും ബുധനാഴ്ചയായിരുന്നു ദുൽഖഅ്ദ മാസത്തിലെ അവസാന ദിവസം എന്ന് വ്യക്തം. അന്ന് ദുൽഖഅ്ദ 29 ആയിരുന്നു.

## ന്യൂമൂൺ സിദ്ധാന്തം ഒരു ശാസ്ത്രീയ പരിശോധന

അലി മണിക്ഫാനും ഹിജ്റകമ്മിറ്റിയും ഉന്നയിക്കുന്ന സിദ്ധാന്തമനുസരിച്ച് ഈ വസ്തുത പരിശോധനാ വിധേയമാക്കാം. അസ്ട്രോണമിക്കൽ ന്യൂമൂൺ (കറുത്തവാവ്) സംഭവിക്കുന്നതിന്റെ പിറ്റേ ദിവസം മാസത്തിലെ ഒന്നാം തിയ്യതിയെന്നതാണല്ലോ ആ സിദ്ധാന്തം. ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചിട്ടുള്ള കലണ്ടറിൽ ആ തത്വം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "നബി(സ) പഠിപ്പിച്ച ഒരു മാസം എന്നത്, ഒരു ന്യൂമൂൺ മുതൽ അടുത്ത ന്യൂമൂൺ വരെ ഉള്ള 29, 30 ദിവസങ്ങൾ വരുന്നതാണ്. ന്യൂമൂൺ സംഭവിക്കുന്ന ദിവസം മാസത്തിന്റെ അവസാന ദിവസവും അടുത്ത ദിവസം പുതിയ മാസത്തിന്റെ ഒന്നാം തിയ്യതി എന്നതുമാണ് ഈ കലണ്ടറിന്റെ തത്വം. ദിവസങ്ങൾ സാധാരണ പോലെ അന്താരാഷ്ട്ര ദിനമാറ്റ രേഖയുടെ പടിഞ്ഞാറു ഭാഗത്തു നിന്നും തുടങ്ങുന്നു." നബി ന്യൂമൂണിനെ ആധാരമാക്കിയാണ് മാസം മാറ്റിയതെന്ന ഇവരുടെ വാദം ശരിയാണെങ്കിൽ ആ മാസംമാറ്റത്തിന് ആധാരമാകുന്ന ന്യൂമൂൺ സംഭവിക്കേണ്ടത് ബുധനാഴ്ചയാണ്. ഈ വസ്തുത ശരിയാണോയെന്ന് ഗോളശാസ്ത്ര വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാം.

ഈ സംഭവം നടക്കുന്ന വർഷം ക്രിസ്താബ്ദം 632ലാണ്. ഹിജ്റ 10-ാം വർഷം ദുൽഹിജ്ജ 9 വെള്ളിയാഴ്ച ക്രിസ്താബ്ദമനുസരിച്ച് 632 മാർച്ച് 6 ആണ്. ന്യൂമൂണിന്റെ വിവരങ്ങളടങ്ങുന്ന Moon Phases രേഖപ്പെടുത്തിയിട്ടുള്ള ശാസ്ത്രീയ ഗണന പട്ടികയനുസരിച്ച് ക്രിസ്താബ്ദം 632 ഫെബ്രുവരി 25 ചൊവ്വാഴ്ച ആഗോള സമയം 20:51ന് അസ്ട്രോണമിക്കൽ ന്യൂമൂൺ (കറുത്തവാവ്) സംഭവിക്കുന്നു. time and date.com ലെ Moon Phase Calculator ലെ ക്രിസ്താബ്ദം 632 ലെ ന്യൂമൂൺ ആഗോള സമയമനുസരിച്ച് പട്ടിക-1 ൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

| Lunation | New Moon | |
|---|---|---|
| 15966 | 27 Jan | 06:28 |
| 15965 | 25 Feb | 20:51 |
| 15964 | 26 Mar | 11:54 |
| 15963 | 25 Apr | 03:14 |
| 15962 | 24 May | 18:33 |
| 15961 | 23Jun | 09:24 |
| 15960 | 22 Jul | 23:20 |
| 15959 | 21 Aug | 12.00 |
| 15958 | 19 Sep | 23:28 |
| 15957 | 19 Oct | 10:13 |
| 15956 | 17 Nov | 20:52 |
| 15955 | 17 Dec | 07:45 |

**പട്ടിക-1**

| FEBRUARY | | | | | | |
|---|---|---|---|---|---|---|
| Su | Mo | Tu | We | Th | Fr | Sa |
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 (1) | 26 (2) | 27 | 28 | 29 |

| MARCH | | | | | | |
|---|---|---|---|---|---|---|
| Su | Mo | Tu | We | Th | Fr | Sa |
| 1 | 2 | 3 | 4 | 5 (3) | 6 (4) | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

*1. ന്യൂമൂൺ*
*2. ഹിലാൽ കണ്ട ദിവസം*
*3. ന്യൂമൂൺകാരുടെ അറഫാദിനം*
*4. നബിയുടെ അറഫാദിനം*

**പട്ടിക-2**

ക്രിസ്താബ്ദം 632ലെ ഗ്രിഗേറിയൻ കലണ്ടറിലെ ഫെബ്രുവരി-മാർച്ച് മാസങ്ങളിലെ ദിവസങ്ങൾ പട്ടിക-2 ൽ കാണിച്ചിരിക്കുന്നു.

ന്യൂമൂൺ ആധാരമാക്കിയുള്ള മാസമാറ്റ സിദ്ധാന്തമനുസരിച്ച് പട്ടിക-3 ൽ കാണുന്ന വിധമായിരിക്കും ദുൽഹിജ്ജയിലെ തിയ്യതികൾ.

ഹിജ്റ കമ്മറ്റിയുടെ സിദ്ധാന്തമനുസരിച്ചാണെങ്കിൽ നബി(സ) അറഫയിൽ നിന്ന ദിവസത്തിൽ നബിക്ക് തെറ്റുപറ്റിയിരിക്കുന്നു. നബി(സ) അറഫയിൽ നിന്നത് ദുൽഹിജ്ജ 9 വെള്ളിയാഴ്ചയായിരുന്നു എന്നത് ഹദീസിൽ സ്ഥിരപ്പെട്ടിട്ടുള്ളതാണല്ലോ. ഇതിന് സമാനമായത് ക്രിസ്താബ്ദം 632 മാർച്ച് 6 വെള്ളിയാഴ്ചയായിട്ടാണ് വരിക. ന്യൂമൂൺ സിദ്ധാന്തമനുസരിച്ച് ദുൽഹിജ്ജ 9 വ്യാഴമാണ് അറഫാദിനം. ഇവരുടെ വാദമനുസരിച്ച് നബി അറഫയിൽ നിന്നതോ ഒരു ദിവസം തെറ്റി വെള്ളിയാഴ്ചയായി എന്ന് വരുന്നു.

## നബിയുടെ അംഗീകാരം

ഈ വസ്തുതകൾ മുൻനിർത്തി നമുക്ക് എത്തിച്ചേരാവുന്ന നിഗമനങ്ങൾ ഇവയാണ്.

1. അസ്ട്രോണമിക്കൽ ന്യൂമൂൺ (കറുത്തവാവ്) സംഭവിച്ചാൽ അത് മാസത്തിലെ അവസാന ദിവസമാണെന്നും അതിനടുത്ത ദിവസം പുതിയ മാസത്തിലെ ഒന്നാം തിയ്യതിയുമാണെന്ന വസ്തുത അംഗീകരിച്ചല്ല നബി(സ) ഇവിടെ പ്രവർത്തിച്ചത്. അതിനാൽ തന്നെ ഈ തത്വം നബിയുടെ അംഗീകാരമുള്ളതല്ല.

2. നബി(സ) അപ്രകാരം പ്രവർത്തിക്കാതിരുന്നത് നബി മുമ്പോട്ടു വെച്ച മാനദണ്ഡം കറുത്തവാവല്ലാത്തതിനാലാണെന്നും ഹിലാലിനെ ആധാരമാക്കിയതിനാലാണെന്നും വ്യക്തം.

3. മണിക്ഫാൻ മുമ്പോട്ടുവെക്കുന്ന സിദ്ധാന്തമനുസരിച്ചല്ല നബി(സ) അറഫയിൽ നിന്നത് എന്നത് വ്യക്തമായിരിക്കെ മണിക്ഫാന്റെ ഹിജ്റ കലണ്ടറിനെ അംഗീകരിക്കാത്തവർ ചെയ്യുന്നത് തെറ്റാണെന്നും കുഫ്റാണെന്നുമൊക്കെയുള്ള വാദങ്ങൾ അവസാനിപ്പിക്കാൻ സമയമായിരിക്കുന്നു.

ഈ ലേഖനത്തിൽ പരാമർശിച്ച കാര്യങ്ങൾ വസ്തുനിഷ്ഠമായി പഠനവിധേയമാക്കിയാൽ ഹിജ്റകമ്മിറ്റി മുമ്പോട്ടുവെക്കുന്ന കലണ്ടറിന്റെ അടിസ്ഥാനം തെറ്റാണെന്ന് സുതരാം വ്യക്തമാകുന്നതാണ്. വിശുദ്ധ ഖുർആനിലെ രണ്ടു വാക്യങ്ങൾ നോക്കുക:

فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ

“ആകയാൽ അദ്ദേഹത്തിന്റെ (മുഹമ്മദ് നബിയുടെ) കല്പനക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നു ഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ.” (അന്നൂർ 63)

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ ٱلْوَهَّابُ

“ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്മാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു.” (ആലുഇംറാൻ 8)

ഈ പ്രാർഥന മനസ്സറിഞ്ഞു പ്രാർഥിച്ചുകൊണ്ടിരിക്കുക. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. (ആമീൻ) ●

| | | |
|---|---|---|
| 25 Feb | ചൊവ്വ | ന്യൂമൂൺ ദിനം- ദുൽഹിജ്ജ് മാസത്തിലെ അവസാന ദിവസം |
| 26 Feb | ബുധൻ | ദുൽഹിജ്ജ -1 |
| 27 Feb | വ്യാഴം | ദുൽഹിജ്ജ -2 |
| 28 Feb | വെള്ളി | ദുൽഹിജ്ജ -3 |
| 29 Feb | ശനി | ദുൽഹിജ്ജ -4 |
| 01 Mar | ഞായർ | ദുൽഹിജ്ജ -5 |
| 02 Mar | തിങ്കൾ | ദുൽഹിജ്ജ -6 |
| 03 Mar | ചൊവ്വ | ദുൽഹിജ്ജ -7 |
| 04 Mar | ബുധൻ | ദുൽഹിജ്ജ -8 |
| 05 Mar | വ്യാഴം | ദുൽഹിജ്ജ -9 |
| 06 Mar | വെള്ളി | ദുൽഹിജ്ജ -10 |

**പട്ടിക-3**